''ഭരണഭാഷ-മാതൃഭാഷ''

നമ്പർ എച്ച്3/18716/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 18-05-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ ഗവണ്മെന്റ്, എയ്ഡഡ് യു.പി/ഹൈ സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ പിൻവലിക്കുന്നത് സംബന്ധിച്ച്

സൂചന : 1) 29-03-2017 ലെ സ.ഉ (സാധാ) നമ്പർ 884/2017/പൊ.വി.വ
2) 22-11-2017 ലെ സ.ഉ (സാധാ) നമ്പർ 4500/2017/പൊ.വി.വ
3) ഈ കാര്യാലയത്തിൽ നിന്നുള്ള 10-04-2017 ലെയും 19-12-2017 ലെയും പുറത്തെഴുത്ത് കത്തുകൾ നമ്പർ എച്ച്3/50355/2015/ഡി.പി.ഐ
4) ഈ കാര്യാലയത്തിൽ നിന്നുള്ള 04-05-2019 ലെ ഇതേ നമ്പർ കത്ത്
5) ഈ കാര്യാലയത്തിൽ നിന്നുള്ള 17-05-2019 ലെ ഇതേ നമ്പർ കത്ത്

സൂചനയിലെ ഉത്തരവുകളിലേക്കും കത്തുകളിലേക്കും താങ്കളുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. 31-03-2015 വരെ സ്പെഷ്യൽ ഫീസ് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക പിൻവലിക്കാനുള്ള സൂചന (1) ലെയും (2) ലെയും സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സൂചന (4) ലെയും (5) ലെയും കത്തുകൾ വഴി പ്രഥമാധ്യാപകർക്ക് നിർദേശം നൽകിയിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തെ ചില ട്രഷറികളിൽ സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ നിന്ന് തുക പിൻവലിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതായി ചില പ്രഥമാധ്യാപകർ അറിയിച്ചിട്ടുണ്ട്. സൂചന (1) ലെയും (2) ലെയും സർക്കാർ ഉത്തരവുകൾ പ്രകാരം സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ 31-03-2015 വരെ അവശേഷിക്കുന്ന തുക പിൻവലിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെന്ന വിവരം അത്തരം ട്രഷറി ഓഫീസർമാരെ അറിയിക്കേണ്ടതും അവർക്ക് പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്)

18/5

പകർപ്പ് :

1) എല്ലാ യു.പി/ഹൈ സ്കൂൾ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)
2) എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)